WATCHMAN

# ജാമക്കാരൻ

VOLUME - 26 ISSUE - 3

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൽ പ്രിയരേ,

നിങ്ങൾക്കെല്ലാവർക്കും യേശുക്രിസ്തുവിന്റെ നാമത്തിലുള്ള വന്ദനം അറിയിക്കുന്നു.

നമ്മുടെ C.S.I സഭയുടെ നിയമഭേദഗതിയുടെ വിധി ഈ മാസം അവസാനം വരാൻ പോകുകയാണ്. സുപ്രിം കോടതിയുടെ വിധി ബിഷപ്പിന് അനുകൂലമായി വരികയാണെങ്കിൽ മോഡറേറ്റർ/ ബിഷപ്പ് ഇവരുടെ അധികാരം കൂടുതലാകും. അതോടൊപ്പം അച്ചൻമാരുടെ അധികാരവുംകൂടും. നിയമഭേദഗതിവരുന്നതിനു മുൻപുതന്നെ ആന്ധ്രാപ്രദേശിലും, തമിഴ്നാട്ടിലും, കേരളത്തിലെ ചില ഡയോസിസുകളിലും C.S.I പള്ളികളോട് ചേർന്നുള്ള സ്വത്തുക്കൾ സഭാകമ്മറ്റികളുടെ അനുവാദമില്ലാതെ ഡയോസിസ് ഭാരവാഹികളും ബിഷപ്പുമാരും ചേർന്ന് വിറ്റ വിവരം നമുക്ക് എല്ലാവർക്കും അറിയാവുന്നതാണല്ലോ! സഭാജനങ്ങളെ വഞ്ചിക്കുവാൻ പള്ളിയുടെ സ്ഥലത്ത് കടമുറികളും ഷോപ്പിംഗ് കോംപ്ലക്സുകളും പണിത്, അതിൽനിന്നും ലഭിക്കുന്ന പണം സഭയ്ക്ക് വലിയ വരുമാനമായിട്ട് ലഭിക്കുമല്ലോ എന്നുള്ള ചക്കരവാക്കുകൾ പറഞ്ഞ് സഭാജനങ്ങളെ പ്രലോഭിപ്പിക്കുന്നു. പക്ഷേ, ഇങ്ങനെ ലഭിക്കുന്ന വരുമാനങ്ങൾ പള്ളിക്കല്ല കിട്ടുന്നത്, മറിച്ച് ഈ പണമെല്ലാം പോയിചേരുന്നത് ഡയോസിസിലേയ്ക്കാണ്. അവിടെ ഈ പണത്തെ വിഴുങ്ങുവാനുള്ള മുതലകളായി ഭാരവാഹികൾ കാത്തിരിക്കുന്നു. ഷോപ്പിംഗ് മാളുകളിലെ കടകൾ വാടകയ്ക്ക് വിടുമ്പോൾ കടക്കാർ നൽകുന്ന അഡ്വാൻസ് തുകയിലും വാടകയിനത്തിലും ഒരു തുക കമ്മിഷനായിട്ട് ഭുരവാഹികളുടെ കയ്യിൽ എത്തിചേരുന്നു. ഇതിൽ ഒരുപങ്ക് ബിഷപ്പിനും ചെന്നുചേരുന്നുണ്ട്. മിഷനറിമാർ സഭാജനങ്ങളുടെ നൽയ്ക്കുവേണ്ടി നേരത്തെ വാങ്ങിയിരുന്ന ഈ സ്ഥലത്തിൽ മദ്യഷോപ്പുകളും വ്യഭിചാരശാലകളായി ഉപയോഗിക്കപ്പെടുന്ന ലോഡ്ജുകളും കാണുമ്പോൾ മിഷണറിമാരുടെ ഉദ്ദേശം നശിപ്പിക്കപ്പെടുന്നു. അതുകാരണം ദൈവത്തിന്റെ മനസ്സും വളരെ ദുഃഖിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

കാവൽക്കാരൻ

MARCH 2016

**ഈ സാമ്പത്തികലാഭം മുന്നിൽ കണ്ടുകൊണ്ടാണ് ഡയോസിസ് ഭാരവാഹികളാകുവാൻ ഓരോരുത്തരും മത്സരിക്കുന്നത്. അതുകൊണ്ടാണ് ബിഷപ്പാകുവാൻ വേണ്ടി കോടികൾ കോഴകളായി കൊടുക്കുന്നത്. ഈ നിയമ ഭേദഗതി ബിഷപ്പുമാർക്ക് അനുകൂലമായിട്ട് വിധിക്കുകയാണെങ്കിൽ ഇനിയും അവരുടെ റിട്ടയർമെന്റ് കാലം 2 വർഷം കൂടുതൽ ഭരിച്ച് കൂടുതൽ സാമ്പത്തികലാഭം ഉണ്ടാക്കുവാൻ അവർക്ക് കഴിയും.**

**തമിഴ്നാട്ടിലും മറ്റ് സംസ്ഥാനങ്ങളിലെ ഡയോസിസുകളിലും ഉള്ള സഭാജനങ്ങൾ ഇ.ട.ക ട്രസ്റ്റുകളിൽ നിന്നും ഇ.ട.ക സിനഡുകളിൽ നിന്നും ഞങ്ങളെ പിരിച്ചുവിടുക, ഞങ്ങളുടെ സഭകളെയും ഞങ്ങളുടെ സ്വത്തുക്കളേയും ഞങ്ങൾതന്നെ നോക്കി നടത്തിക്കൊള്ളാം എന്ന് ആഗ്രഹിക്കുന്നതായുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഉദാഹരണമായി തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ച്, മദ്രാസ് ഇ.ട.ക കോൺഗ്രിഗേഷൻ, മധുര സെന്റ് ജോർജ് ഇ.ട.ക. കോൺഗ്രിഗേഷൻ തുടങ്ങി അനേകം ഇ.ട.ക സഭകൾ, ബിഷപ്പുമാരോ ഡയോസിസോ തങ്ങളെ ഭരിക്കുന്നത് ഇഷ്ടപ്പെടാതെ സ്വതന്ത്രമായിട്ട് സഭയെ ഇ.ട.ക യുടെ പേരിൽ വളരെ ഭംഗിയായിട്ട് നടത്തികൊണ്ടിരിക്കുന്നു. ഇതു പോലെ എല്ലാ ഇ.ട.ക സഭാജനങ്ങളും സ്വതന്ത്രമായി ആരാധിക്കുവാൻ ഇഷ്ടപ്പെടുമെങ്കിൽ ഇപ്പോഴുള്ള ഇ.ട.ക ട്രസ്റ്റും, ഇ.ട.ക സിനഡും തകർന്ന കണ്ണാടി കഷ്ണങ്ങളായി തകർന്നു തരിപ്പണമാകും.**

**2016 മെയ് മാസം മുതൽ ജാമക്കാരൻ മാസികയിൽ അന്യ "ഭാഷാകുഴപ്പം" എന്ന തലക്കെട്ടിൽ നേരത്തെ ഞാൻ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ ഓരോരോ അദ്ധ്യായങ്ങളായി പുറത്തുവരും. ആ വിവരങ്ങൾ എല്ലാം മാസികയിൽ കൂടി പ്രസിദ്ധീകരിച്ചു പൂർത്തിയായ ശേഷം ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുവാനും ആഗ്രഹിക്കുന്നു.**

**പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്ക് വേണ്ടി ഓരോ ദിവസവും രാവിലെ 6 മണി മുതൽ 7 മണിവരെ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ ഓരോരുത്തരെയും സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.**

## അസംബ്ലി ഇലക്ഷൻ

* കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകൾക്കായി ഏവരും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു. ഞാനും ഈ തെരഞ്ഞെടുപ്പുകൾക്കായി ദിവസവും പ്രാർത്ഥിച്ച് വരുന്നു.

* കഴിഞ്ഞ വർഷം നിങ്ങൾ നൽകിയ സാമ്പത്തിക സഹായങ്ങൾക്ക് നന്ദി അറിയിക്കുന്നു. ഇപ്രാവശ്യം ഓൺലൈൻ വഴിയായി എന്റെ ബാങ്ക് അക്കൗണ്ടിൽ ധാരാളം പേർ സാമ്പത്തിക സഹായം ചെയ്തിട്ടുണ്ട്. മണിയോഡർ വഴിയായിട്ടും ചെയ്തിട്ടുണ്ട്. ഇങ്ങനെ എന്നെ സഹായിച്ച എല്ലാവരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ. (എബ്രായർ 6:10). "ദൈവം നിങ്ങളുടെ പ്രവർത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും, ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനിതീയുള്ളവനല്ല."

കർത്താവിന്റെ ഉന്നത ശുശ്രൂഷയിൽ
**ഡോ. പുഷ്പരാജ്**

# C.S.I Ammendments പ്രതിഷേധം ശക്തമാകുന്നു.

**C.S.I നിയമഭേദഗതിക്കെതിരായി (Ammendments) ഓരോ Diocese -കളിൽ നിന്നും വരുന്ന വിപ്ലവ വാർത്തകൾ ലഘുലേഖനമായി പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നു. അതിൽ ഒന്നാണ് താഴെ നിങ്ങൾ വായിക്കുന്നത്.**

സി.എസ്.ഐ ദക്ഷിണ കേരള മഹായിടവക സഭാവിശ്വാസികൾ

അറിയാൻ/; ബിഷപ്പും

**നമ്മുടെ മഹായിടവകയിൽ വികസനോൻമുഖവും ശക്തവുമായ ഒരു ഭരണഘടന നിലനിന്നിരുന്നു. ഈ ഭരണഘടനപ്രകാരം ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഭരണസമിതികൾ സഭയിലും മഹായിടവകയിലും വിവിധ സംഘടനകളിലും നിലവിൽ വരികയും കമ്മിറ്റികളുടെ ക്രിയാത്മകമായ പ്രവർത്തനംമൂലം മഹായിടവക ഇത്രത്തോളം വളരുകയും ചെയ്തു. എന്നാൽ ഇനിമുതൽ മഹായിടവക സെക്രട്ടറിയേയും ട്രഷററേയും വിവിധ ബോർഡുകളെയും തിരുമേനി നോമിനേറ്റ് ചെയ്യുന്ന സെർച്ച് കമ്മറ്റി തീരുമാനിക്കുന്നതാണ് (ഫലത്തിൽ ബിഷപ്പ് ചൂണ്ടിക്കാണിക്കുന്നയാൾ സെക്രട്ടറിയാകും). പ്രസ്തുത നിയമം 26.06.2015–ൽ കൂടിയ മഹായിടവക കൗൺസിലിൽ ശക്തമായ എതിർപ്പിനെയും ഭൂരിപക്ഷ അഭിപ്രായത്തെയും** വകവയ്ക്കാതെ അധികാരദുർവിനിയോഗത്തിലൂടെ പാസ്സായതായി പ്രഖ്യാപിച്ച് ഒരു ഏകാധിപതിയെപ്പോലെ ബിഷപ്പ് ഇറങ്ങിപ്പോവുകയും പ്രസ്തുത തീരുമാനം സഭകളിൽ വായിക്കുകയുമുണ്ടായി.

**മഹായിടവക പാസ്സാക്കിയെന്നവകാശപ്പെടുന്ന ഭരണഘടനാ ഭേദഗതി**

vi. **ബിഷപ്പ് പാനലിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഒഴികെ മഹായിടവക കൗൺസിൽ യോഗത്തിൽ നടത്തേണ്ട സിനഡ് പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് ഉൾപ്പെടെ എല്ലാ തെരഞ്ഞെടുപ്പുകളും ബിഷപ്പ് നിയമിക്കുന്ന സെർച്ച് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തെരഞ്ഞെടുപ്പ് കമ്മിഷൻ അനുകൂല സമ്മതിദാനം തേടി (അഫർമേറ്റീവ് വോട്ട്) നടത്തേണ്ടതാണ്. ഭൂരിപക്ഷ അനുകൂല സമ്മതിദാനം ഉറപ്പുവരുത്തുന്നതിലേക്കായി സെർച്ച് കമ്മിറ്റിയുടെ ശുപാർശകൾ തെരഞ്ഞെടുപ്പ് കമ്മിഷൻ കൺവീനർ അറിയിക്കുമ്പോൾ ആയതിനെ അനുകൂലിക്കുന്ന വോട്ടർമാർ കൈ ഉയർത്തി സമ്മതിദാനം അറിയിക്കേണ്ടതാണ്. സെർച്ച് കമ്മിറ്റിനൽകുന്ന ശുപാർശകൾക്ക് അനുകൂല സമ്മതിദാനം ലഭ്യമായില്ലെങ്കിൽ സെർച്ച് കമ്മിറ്റിയ്ക്ക് മറ്റ് പേരുകൾ അനുകൂല സമ്മതിദാനം തേടുന്നതിലേയ്ക്കായി തെരഞ്ഞെടുപ്പ് കമ്മിഷന് നൽകാവുന്നതാണ്.**

vi. മഹായിടവക കൗൺസിലിൽ നടക്കുന്ന തെരഞ്ഞെടുപ്പുകൾക്കായി 5 പേർ അടങ്ങുന്ന സെർച്ച് കമ്മിറ്റിയെ തെരഞ്ഞെടുപ്പിന് ഒരു മാസം മുൻപായി ബിഷപ്പ് നിയമിക്കേണ്ടതാണ്. ഈ കമ്മിറ്റിയിൽ കുറഞ്ഞത് രണ്ട് വൈദീകരും, ഒരു വനിത ഉൾപ്പെടെ മൂന്ന് അത്മായരും ഉണ്ടായിരിക്കണം. ഈ വൈദീകരിലൊരാളിനെ ബിഷപ്പ് കൺവീനറായി നിയമിക്കുന്നതാണ്. സെർച്ച് കമ്മറ്റിയിലെ അംഗങ്ങൾക്ക് ആ ത്രൈവാർഷികത്തിൽ മഹായിടവകയിൽ യാതൊരു സ്ഥാനത്തേയ്ക്കും തെരഞ്ഞെടുക്കപ്പെടാനോ നിയമിക്കപ്പെടാനോ അർഹതയുണ്ടായിരിക്കുന്നതല്ല.

**52.A. അനുകൂല സമ്മതിദാനം തേടൽ**

**തെരഞ്ഞെടുപ്പ് കമ്മിഷൻ ഹാജരായിട്ടുള്ള വോട്ടർമാരുടെ എണ്ണം തിട്ടപ്പെടുത്തി നിയമപ്രകാരം കോറം ഉണ്ടോ എന്നു പരിശോധിക്കേണ്ടതാണ്. കോറം സംബന്ധിച്ച് പൊതുചട്ടം പാലിക്കേണ്ടതാണ്. കൗൺസിൽ അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തിയ ശേഷം സെർച്ച് കമ്മിറ്റി കണ്ടെത്തി നൽകിയിട്ടുള്ള ശുപാർശകൾ ഒരോ സ്ഥാനങ്ങളുടെയുംക്രമം അനുസരിച്ച് ഭൂരിപക്ഷ അനുകൂല സമ്മതിദാനം ഉറപ്പാക്കി തെരഞ്ഞെടുത്തതായി ബിഷപ്പ് പ്രഖ്യാപിക്കുകയും ചെയ്യേണ്ടതാണ്.**

**ജനങ്ങൾക്കുള്ള ചില സംശയങ്ങൾ ചുവടെ ചേർക്കുന്നു.**

1. **നിലവിലുണ്ടായിരുന്ന ഭരണഘടനാ പ്രകാരം മഹായിടവകയ്ക്കും സഭയ്ക്കും വളർച്ചയല്ലാതെ തളർച്ചയുണ്ടായിട്ടില്ല. പിന്നെ എന്തിന് ഭരണഘടന മാറ്റണം ?**

2. **മഹായിടവകയിലെ ഭൂരിപക്ഷം ജനങ്ങളും എതിർക്കുമ്പോൾ ഞാൻ പറയും നിങ്ങൾ അനുസരിക്കണമെന്ന ബിഷപ്പിന്റെ ശാഠ്യം ക്രൈസ്തവ അന്തരീക്ഷത്തിന് നിരക്കുന്നതാണോ ?**

3. **ബിഷപ്പ് പറയുന്ന ആൾ മഹായിടവക സെക്രട്ടറി ആകുന്നതിലൂടെ ഇതുവരെ ചെയ്ത സാമ്പത്തിക ക്രമക്കേടുകൾ മറയ്ക്കാനാണെന്ന് വിശ്വാസികൾ കരുതിയാൽ അവരെ കുറ്റം പറയാനാകുമോ ?**

4. **മഹായിടവക ഭാരവാഹികളെ ബിഷപ്പ് തീരുമാനിക്കുമെങ്കിൽ ജനങ്ങൾ ഇനി ലെവി നൽകണമോ ? മിഷണറി പ്രവർത്തനങ്ങൾക്ക് ഞങ്ങൾ എന്തിന് സഹായിക്കണം. അതും ബിഷപ്പിന് ചെയ്തുകൂടെ ?**

5. പൂർവ്വികരായ മാതാപിതാക്കൾ വിശന്നുകരയുന്ന മക്കൾക്ക് പോലും നൽകാതെ കോഴിമുട്ട ലേലത്തിന് സമർപ്പിച്ച് വളർത്തിയെടുത്ത മഹായിടവകയെ നശിപ്പിക്കാൻ ഇപ്പോൾ നിങ്ങൾ ശ്രമിക്കുന്നതുപോലെ ഞങ്ങൾ ഇന്ന് കഷ്ടപ്പെട്ട് ചെയ്യുന്ന മിഷണറി പ്രവർത്തനവും നിങ്ങൾ നശിപ്പിക്കില്ലേ ? ഞങ്ങൾ സംശയിക്കുന്നു.

6. കർത്താവ് പറഞ്ഞു; ദൈവത്തിനുള്ളത് ദൈവത്തിനും കൈസർക്കുള്ളത് കൈസർക്കും. ഞങ്ങൾ അപേക്ഷിക്കുന്നു; ബിഷപ്പിനുള്ളത് ബിഷപ്പിനും ജനങ്ങൾക്കുള്ള അവകാശം (മഹായിടവക സെക്രട്ടറിയെ തെരഞ്ഞെടുക്കാനുള്ള അവകാശം) ജനങ്ങൾക്കും തരണം.

**മഹായിടവക നേതൃത്വവും ബിഷപ്പും ക്രൈസ്തവപാതയിലേക്ക് തിരിച്ചുവരിക അല്ലെങ്കിൽ കനത്തവില നൽകേണ്ടിവരും എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് (നാഥാൻ പ്രവാചകൻ - ദാവീദ്) തൽക്കാലം നിർത്തുന്നു.**

**മഹായിടവകയെ സ്നേഹിക്കുന്നവർ**

# കർച്ചീഫ് സുഖമാക്കുമോ ? കർച്ചീഫിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകവും ശക്തിയും ഉണ്ടാകുമോ ?



## ഡോ. K. മുരളീധരൻ

മെഗാ ക്രൂസേഡുകളുടെ ഒടുക്കത്തെ നാളിൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് അവകാശപ്പെടുന്ന കർച്ചീഫ് വിതരണവും, അത് വാങ്ങാനുള്ള തള്ളും തിരക്കും സാധാരണ സംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ലഭിക്കുന്ന കർച്ചീഫുകൾ വിശ്വാസികൾക്ക് ആശ്വാസവും അനുഗ്രഹവുമായി വർത്തിക്കും എന്നതാണ് പൊതുവേയുള്ള വിശ്വാസം. രോഗിയായ ഒരു വ്യക്തിയുടെമേൽ ഈ കർച്ചീഫ് വച്ചാൽ രോഗസൗഖ്യം ഉടനടി ലഭിക്കുമെന്ന് കരുതുന്നു.

കർച്ചീഫ് വിതരണത്തിന് ആധാരം എന്ന് അത് വിതരണം ചെയ്യുന്നവർ കരുതുന്ന വേദഭാഗം അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകം 19 ാം അദ്ധ്യായമാണ്. അവിടെ നടന്ന സംഭവംചുരുക്കത്തിൽ 11, 12 വാക്യങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ദൈവം പൗലോസ് മുഖാന്തരം അസാധാരണമായ വീര്യപ്രവൃത്തികളെ ചെയ്യിക്കയാൽ അവന്റെ മെയ്മേൽ നിന്ന് റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെടുകയും ചെയ്തു." ഇവിടെ നടന്ന സംഭവങ്ങളുടെ പൂർണ്ണ ചിത്രം മനസ്സിലാക്കണമെങ്കിൽ എഫെസോസിൽ പൗലോസ് ചെയ്ത ശുശ്രൂഷ അറിയണം !

മറ്റേതു സ്ഥലത്തേക്കാളും അധിക പ്രയാസം എഫെസോസിലെ ശുശ്രൂഷയിൽ പൗലോസിന് അനുഭവിക്കേണ്ടി വന്നു. ഈജിപ്റ്റിലെ അലക്സാന്ദ്രിയ, സിറിയയിലെ അന്തോക്യ എന്നീ സ്ഥലങ്ങളെപ്പോലെ എഫെസോസ് പട്ടണവും പ്രശസ്തമായിരുന്നു. റോമിൽ നിന്ന് എഫെസോസിലേക്ക് വിശാലമായ പാതകൾ ഉണ്ടായിരുന്നു. യാത്രാ സൗകര്യങ്ങൾ ഉണ്ടായിരുന്നതിനാൽ പൗലോസിന് സഞ്ചാരസുഗമം ഉണ്ടായിരുന്നു. അന്നത്തെ 7 മഹാത്ഭുതങ്ങളിൽ ഒന്നായ അകർത്തമിസ് (ഡയാന) ദേവിയുടെ ക്ഷേത്രവും എഫെസോസ് പട്ടണത്തിലാണ് സ്ഥിതിചെയ്തിരുന്നത്.

പൗലോസ് തന്റെ ശുശ്രൂഷയുടെ ആരംഭമായി എഫെസോസിലെ സിനഗോഗിൽ വചനം പഠിപ്പിക്കൽ തുടങ്ങി. മൂന്ന് മാസങ്ങൾക്കുശേഷം ഏറെക്കുറെ എല്ലാ എഹൂദന്മാരും പൗലോസിന്റെ വചന ശുശ്രൂഷയെ നിരാകരിച്ചു. അവരുടെ ഹൃദയങ്ങൾ കഠിനമാക്കപ്പെട്ടതിനാൽ പൗലോസിനെയും ശുശ്രൂഷയെയും നിന്ദിച്ച് പരിഹസിച്ചു. ഇതിൽ വേദനപൂണ്ട പൗലോസ് വിജാതിയരുടെ അടുക്കലേക്ക് വചനവുമായി ചെന്നു. തുറന്നോസിന്റെ പാഠശാലയിൽ രണ്ടു വർഷം വചനം പഠിപ്പിച്ചു. ആ സ്ഥലം വിജാതീയനായ ഒരു പണ്ഡിതന്റെ തായിരുന്നു. അവിടുത്തെ ശുശ്രൂഷ അത്ര എളുപ്പമായിരുന്നില്ല. ചുറ്റും ശത്രുക്കൾ, സാത്താന്യ ശക്തികളുടെ മേൽക്കോയ്മ, അന്ധകാര ശക്തികളുടെ പിടിയിലമർന്ന ജനം. ആഡംബരമായും അല്പവസ്ത്രധാരികളായും ചുറ്റി നടന്നു. ഇവരുടെ ഇടയിൽ ഈ പുതിയ മാർഗ്ഗത്തിന്റെ ശുശ്രൂഷ എത്രകഷ്ടതയേറിയതായിരുന്നു. ചിന്തിച്ച് നോക്കുക. കഠിനമായ വ്യഥയാൽ ഏറെ വിയർപ്പ് ചിന്തിയിരിക്കും ! മദ്ധ്യ ഏഷ്യയിൽ എല്ലായിടത്തും വചനം വിതയ്ക്കപ്പെട്ടു.

പൗലോസ് അപ്പോസ്തലൻ വചനവുമായി കടന്നുചെന്ന എല്ലാ സ്ഥലത്തും ഏറെ എതിർപ്പുകളെ നേരിടേണ്ടി വന്നിട്ടുണ്ട്. ബഹു ദൈവ വിശ്വാസത്തിൽ നിന്ന് ഏക ദൈവ വിശ്വാസത്തിലേക്ക് ജലുസ്ത്രയിലെ ജനങ്ങളെ തിരിച്ചതിനാൽ വലിയ എതിർപ്പുണ്ടായി. തത്വജ്ഞാനം എന്ന ബഹുജന ചിന്തയ്ക്കെതിരെ ദൈവികജ്ഞാനം എന്ന സ്വർഗ്ഗീയ സരണി ഏതെൻസിൽ അവതരിപ്പിച്ചപ്പോൾ വിരോധങ്ങൾ വാനോളം പൊങ്ങി. ക്രിസ്തുവിനെ സ്വീകരിക്കുന്നതിലൂടെ ഭൗതീക സ്വത്തുക്കളും, നന്മകളും, ബന്ധങ്ങളും നഷ്ടപ്പെടും എന്ന ഭീതി എഫെസോസുകാർക്ക് ഉണ്ടായി.

സർവ്വകൃപാലുവായ ദൈവം പൗലോസിന്റെ അനുസരണത്തെയും, അദ്ധ്വാനത്തെയും മാനിച്ചു. ആ പ്രദേശത്ത് അനിതരസാധാരണമായ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു. ദൈവവേലയോടുള്ള ബന്ധത്തിൽ അത്ഭുതങ്ങൾ സാധാരണമാണ്. എന്നാൽ ഈ സാധാരണ അത്ഭുതങ്ങൾ എന്തിനാണ് ? മന്ത്രവാദികളും ദുർപ്രവൃത്തിക്കാരും നിറഞ്ഞ എഫെസോസിൽ അത്ഭുതങ്ങളും, മായാജാല പ്രകടനങ്ങളും സാധാരണ സംഭവങ്ങളായിരുന്നു. ഈ പ്രവൃത്തികളിലൂടെ സാത്താൻ തന്റെ സാമ്രാജ്യത്തെ നിലനിർത്തിപ്പോന്നു. സാത്താന്റെ പ്രവൃത്തികളെ അവഗണിച്ച് അവനെ ചെറുതായി കാണരുത്. പലപ്പോഴും സാത്താന്റെ പ്രവൃത്തികളെ ക്രിസ്ത്യാനികൾ തിരിച്ചറിയുന്നില്ല.

അത്ഭുതങ്ങൾ എല്ലാം ദൈവമാണ് ചെയ്യുന്നതെന്ന് നിങ്ങൾ കരുതരുത്. അങ്ങനെ ചിന്തിച്ചാൽ നാം എത്തിച്ചേരുന്നത് സാത്താനിലും അവന്റെ കൂട്ടാളികളിലും അയിരിക്കും. ഇന്ന് സാത്താന്യ അത്ഭുതങ്ങൾ അനേകം നടന്നു കൊണ്ടിരിക്കുന്നു. അത്ഭുതങ്ങൾ ചെയ്യുന്നവർ മനുഷ്യ ദൈവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

മോശെ തന്റെ വടിയെ നിലത്തിട്ടപ്പോൾ അത് സർപ്പമായി മാറി. ഫറവോന്റെ മന്ത്രവാദികളും അങ്ങനെതന്നെ ചെയ്തു. മോശെ ഒരു മന്ത്രവാദിയെന്ന് ഫറവോൻ കരുതിയിരിക്കും. അല്പം കാത്തിരിക്കൂ ! മോശെയുടെ സർപ്പം മറ്റെല്ലാ സർപ്പങ്ങളെയും വിഴുങ്ങി. ഇതാണ് ദൈവത്താലുള്ള അത്ഭുതം !

എഫെസോസ് പട്ടണം അവിശ്വാസത്തിലും ഭയത്തിലും, പിശാചിന്റെ പിടിയിലും അടിമപ്പെട്ട് കിടന്നതിനെ പൗലോസ് കണ്ടു. ദൈവത്തിലുള്ള ആശ്രയത്താലും സർവ്വായുധ വർഗ്ഗം ധരിച്ചുള്ള കഠിനാദ്ധ്വാനത്താലും അന്ധകാരശക്തികളുടെ കോട്ടകളെ തകർത്തു. ഈ പട്ടണത്തിൽ ശുശ്രൂഷിക്കവേ അന്ന് കൊരിന്ത്യർക്കുള്ള ലേഖനങ്ങൾ എഴുതിയത്. "അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും

ഇടിച്ചു കളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിന്നായിട്ടു പിടിച്ചടക്കി. (2 കൊരി 10 : 5)." ഇക്കാര്യത്തെ റോം നഗരത്തിലായിരിക്കുമ്പോൾ എഫെസോസ് സഭയ്ക്ക് ഇങ്ങനെ എഴുതി: "നമുക്കുപോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ പ്രപഞ്ചത്തിലെ അന്ധകാരത്തിന്റെ ലോകാധിപതികളോടും ആകാശമണ്ഡിങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ." (എഫെ 6 : 12).

അത്ഭുതങ്ങളും അടയാളങ്ങളും സാധാരണ നടക്കുന്ന എഫെസോസ് പട്ടണത്തിൽ അതിനും മുകളിൽ ഒരു ശക്തിയുണ്ടെന്ന് കാണിക്കുവാൻ ദൈവത്തിന് മനസ്സായി. മന്ത്രവാദികളും മറ്റ് കിങ്കരൻമാരും, ജനങ്ങൾ വിശ്വസിച്ചുകൊണ്ടിരുന്ന ദൈവങ്ങളും പൊയ്മുഖങ്ങളാണെന്നും സർവ്വശക്തനായ ദൈവമുമ്പാകെ ഇവർ ഒന്നുമല്ലെന്ന് ജനം മനസ്സിലാക്കണമെന്നും ദൈവം തീരുമാനിച്ചു. ശിമോൻ എന്ന മന്ത്രവാദി ശമര്യയിൽ സുവിശേഷകനായ ഫിലിപ്പോസിനെ എതിർത്തപ്പോഴും ഇങ്ങനെ ഒരു സംഭവം ഉണ്ടായി. (അ.പ്ര 8 : 9-13)

പൗലോസിലൂടെ ദൈവം ചെയ്ത അത്ഭുതം എങ്ങനെയുള്ളതായിരുന്നു ? അപ്പോസ്തലന്റെ ശരീരത്തിൽ നിന്ന് റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെട്ട് പോവുകയും ചെയ്തു. ഇവിടെ കർച്ചീഫുകളുടെ പ്രാധാന്യം എന്ത് ? അതു വെറും ഒരു തുണികഷ്ണം മാത്രം.

കഠിനാദ്ധ്വാനം ചെയ്ത പൗലോസ് തന്റെ വിയർപ്പ് തുടയ്ക്കാൻ ഉപയോഗിച്ച തുണിക്കഷണം അത്രമാത്രം.

ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം പ്രാധാന്യം റൂമാലിനും. ഉത്തരീയത്തിനും അല്ല. മറിച്ച് ദൈവഹിതത്തിൽ പൗലോസിന്റെ അദ്ധ്വാനത്തിനുമാണ്. നമ്മുടെ കണ്ണിന് കാണാൻ കഴിയാത്ത പലകാര്യങ്ങളുടെയും പ്രാധാന്യം നാം ഗ്രഹിക്കുന്നില്ല. പ്രാധാന്യമുള്ളതിനെ മറന്ന് പ്രാധാന്യമില്ലാത്തതിനെ വലുതാക്കുന്നു. സ്രഷ്ടാവിനെ മറന്ന് സൃഷ്ടിയിൽ സന്തോഷിക്കുന്നു; മഹത്വവൽക്കരിക്കുന്നു.

ദൈവേഷ്ടത്താൽ മോശെയുടെ വടിപോലെ പൗലോസിന്റെ വിയർപ്പിനാൽ നിറഞ്ഞ തുണികൾ അത്ഭുതത്തിനായി ദൈവം ഉപയോഗിച്ചു. കഠിന ശോധനകൾക്കിടയിൽ മുറുമുറുക്കാതെ മനസ്സ് തളരാതെ രണ്ട് വർഷത്തിലധികം വേലചെയ്ത പൗലോസിന്റെ വിയർപ്പ് എത്ര അധികമായിരുന്നു. മന്ത്രവാദികൾ, ശത്രുക്കൾ മനസ്സ് കഠിനമാക്കിയ യഹൂദൻമാർ, പണസമ്പാദനം ലക്ഷ്യമായ ദെമെത്രേയു, അവന്റെ ശിഷ്യന്മാർ, ആകാശത്തിൽ നിന്ന് വീണ

**കുട്ടിദൈവം ഇങ്ങനെ എല്ലാറ്റിനോടും നിരന്തരം പോരാടിയ പൗലോസിന് പിശാച് താണ്ഡവമാടുന്ന എഫെസോസ് പട്ടണത്തിൽ ദൈവനാമം മഹത്വപ്പെടുത്താൻ അത്യധികം അദ്ധ്വാനിക്കേണ്ടി വന്നു. ഈ സന്ദർഭത്തിലാണ് പൗലോസിലൂടെ ദൈവ നാമം മഹത്വപ്പെടുത്താൻ തിരുമനസ്സായത്.**

**യേശുക്രിസ്തുവിന്റെ നാമത്തിൽ അടയാളങ്ങൾ ചെയ്യുന്നവരേ അല്പം ആലോചിക്കുവിൻ. നിങ്ങൾ പ്രാർത്ഥിച്ച (?) കർച്ചീഫിൽ നിന്ന് അത്ഭുതം പ്രതീക്ഷിക്കുന്നവർ എന്തും ലാഘവമായി കിട്ടണം എന്ന് കരുതുമല്ലോ ? ഇത് അവരെ വഞ്ചിക്കുന്നതിന് തുല്യമാണ്. ദൈവഹിതപ്രകാരമല്ലാതെയും വചനാനുസരണമല്ലാതെയും ചെയ്യുന്ന എന്ത് കൺകെട്ട് വിദ്യയും പ്രയോജനരഹിതമത്രേ!**

**മന്ദമാരുതൻ വീശുന്ന തോട്ടത്തിൽ ശിഷ്യന്മാർക്ക് ഒരുമണിക്കൂർ കൂടെ പ്രാർത്ഥിക്കാൻ കഴിയാതിരിക്കെ കർത്താവ് വിയർപ്പിൽ കുളിച്ചു, വിയർപ്പ് തുള്ളികൾ രക്തം കണക്കെ നിലത്ത് വീണു. അവിടെ നിന്നുള്ള രക്ത നദിയുടെ പ്രവാഹമാണ് ഇന്നും വിശ്വസിക്കുന്നവർക്ക് പാപക്ഷമ ലഭിച്ചുകൊണ്ടേയിരിക്കുന്നത്. സാത്താന്റെ പാപത്തിന്റെ അധികാരത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് നിത്യജീവനിലേക്ക് കടക്കുന്നതല്ലേ ശരിയായ അത്ഭുതം ! അത്യത്ഭുതം !! ഇതിന് മുമ്പിൽ അത്ഭുതങ്ങൾ എന്ന് പറയുന്ന ഒന്നും അത്ഭുതങ്ങളേയല്ല. ലാസറിനെ ഉയർത്തെഴുന്നേല്പിച്ച അത്ഭുതം പോലും അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരിക്കുന്ന നമ്മുടെ വീണ്ടും ജനന അത്ഭുതത്തിന് മുമ്പിൽ രണ്ടാം സ്ഥാനം മാത്രം!**

**പൗലോസിലൂടെ നടന്ന അത്ഭുതങ്ങളാൽ എഫെസോസ് പട്ടണത്തിൽ വലിയ മാറ്റം ഉണ്ടായി ; അനേകം പേർ രക്ഷിക്കപ്പെട്ടു.** *"ദൈവവചനം ബലത്തോടും ആശീർവാദത്തോടും പരന്നു. അത്ഭുതങ്ങളുടെ പിന്നാലെ നടക്കേണ്ടത് ഇതത്രേ!"* **പ്രിയ സഹോദരാ, സഹോദരി നിങ്ങളുടെ പ്രദേശത്ത് ഇതുപോലൊരു മാറ്റം, മാനസാന്തരം , രക്ഷ നടക്കാൻ ആഗ്രഹിക്കുന്നുവോ? എങ്കിൽ വിയർപ്പ്തുള്ളികൾ നിലത്തു വീഴും വരെ ദൈവത്തിലാശ്രയിച്ച്, വചനാനുസരണം പ്രവർത്തിക്കുക. സ്വയമഹിമയും, വിളംബരവും തോല്ക്കുന്നിടത്ത് താഴ്മപ്പെട്ട് ദൈവനാമ മഹത്വത്തിനായി പ്രവർത്തിക്കുന്ന ഈ വഴി ഒന്ന് പരിശോധിച്ച് നോക്കുക.**

## തെരഞ്ഞെടുപ്പിനായുള്ള പ്രത്യേക പ്രാർത്ഥന

**CSI** യിലെ 4 ഡയോസിസുകളിൽ ബിഷപ്പ് തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്നു. അങ്ങനെ തന്നെ 5 സ്ഥാനങ്ങളിലും നിയമസഭാതിരഞ്ഞെടുപ്പും നടക്കാൻ പോകുന്നു.

**ബിഷപ്പ് തെരഞ്ഞെടുപ്പും, നിയമ സഭാതെരഞ്ഞെടുപ്പും രാഷ്ട്രീയക്കാരുടെ തെരഞ്ഞെടുപ്പായതിനാൽ നമ്മുടെ പ്രാർത്ഥന വളരെ ആവശ്യം.**

**ഓരോ ബിഷപ്പിന്റെ പിന്നിലും ഏറെ രാഷ്ട്രീയക്കാർ ഉണ്ട്. മോഡറേറ്റർ അവർകൾ തന്റെ റിട്ടയർമെന്റ് തിയതി ആയിട്ടില്ല എന്ന് സീറ്റിൽ ബലാത്ക്കാരമായി പിടിച്ചിരിക്കുന്നു. മോഡറേറ്റർ പദവിയിൽ തുടരാനുള്ള കേസ്സിന് ഒരു മണിക്കൂറിന് 40 ലക്ഷം രൂപ വച്ച് നല്കി സുപ്രിം കോടതിയിലെ കേസ്സിന് പല കോടി രൂപ ചെലവഴിച്ചു. ചെലവഴിച്ച തുക തിരികെ ലഭിക്കാൻ ഡപ്യൂട്ടി മോഡറേറ്ററിൽ നിന്നും, തെരഞ്ഞെടുക്കാൻ പോകുന്ന ബിഷപ്പുമാരിൽ നിന്നും പല കോടികൾ വാതുവയ്പ് നടന്നു കൊണ്ടിരിക്കുന്നു. പുതിയ ബിഷപ്പുമാർ വില്പനയ്ക്ക് വച്ചിരിക്കുന്ന ചരക്കായി മാറിയിരിക്കുന്നു. ഇങ്ങനെ കോടികൾ നല്കി ബിഷപ്പ് സ്ഥാനം നേടുന്നവർ തങ്ങളുടെ ഡയോസിസുകളിൽ നിന്ന് തന്നെ ആ തുക നേടിയെടുക്കും. CSI യുടെ സ്ഥിതി കണ്ടോ? നാം ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കണം.**

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ–മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, PDF വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ–മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ–മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ–മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ–മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി



# സ്ത്രീകളുടെ വസ്ത്രധാരണത്തിൽ നഗ്നതാ പ്രദർശനം

പുരോഗതിയിലേക്ക് ചെല്ലുന്നു എന്ന് പറയുന്ന ഇന്നത്തെ തലമുറയിൽ അല്പ വസ്ത്രധാരികളാൽ ക്രിസ്തീയ സമൂഹം ഒരു ചോദ്യചിഹ്നത്തിന്റെ മുമ്പിലാണ്. 'മനുഷ്യൻ പാതി വസ്ത്രം പാതി' എന്ന പഴമൊഴിയിൽ നിന്ന് അല്പം കൂടെ മാറി ചിന്തിച്ച് ആ പാതിയുടെയും പാതി വസ്ത്രമാക്കി നഗ്നതാ പ്രദർശനവും അംഗീകാര്യ യോഗ്യമാക്കുന്ന തത്രപ്പാടിലാണ് പോക്കുകൾ.

ആധുനികം എന്ന പേരിൽ ജീവിക്കാനാഗ്രഹിച്ച് നഗ്നതാ പ്രദർശനമായി വസ്ത്രം മാറിക്കൊണ്ടിരിക്കുന്നു. ഈ സ്റ്റൈൽ ജീവിതത്തിനകത്തായവർ ജീവിതക്രമത്തെകുറിച്ച് പറഞ്ഞാൽ സ്വീകരിക്കാതെ വാഗ്വാദം ചെയ്യുന്നത് ശീലമാക്കിയിരിക്കുന്നു. വാഗ്വാദത്തിനുള്ള വ്യഗ്രതയാൽ ശരി തെറ്റുകളെ മനസ്സിലാക്കാനുള്ള മാനസികാവസ്ഥ മാറിയിരിക്കുന്നു. 'എന്റെ ഇഷ്ടം' എന്ന വാക്ക് മറ്റുള്ളവർക്ക് 'ഇഷ്ടമായില്ലെങ്കിൽ' അത് നിങ്ങളുടെ 'നഷ്ടകണക്കിൽ' ചേർക്കുക എന്നു പറയാൻ മടിക്കുന്നില്ല. 'ശരീരം മറയ്ക്കാൻ' എന്ന നില മാറി 'ശരീരം പ്രദർശിപ്പാക്കാൻ' എന്ന മാനസികാവസ്ഥയിലേയ്ക്ക് മാറിയപ്പോൾ സാത്താന്റെ വഞ്ചനയിൽ ആയി എന്ന് അറിയുന്നില്ല. 'മറ്റുള്ളവർ എന്നെ കാണട്ടെ' എന്ന നില മാറി 'ദൈവം എന്നെ കാണട്ടെ' എന്ന നിലയിലേക്ക് വന്നാൽ പിശാചിന് നമ്മെ പറ്റിയ ആയുധമാക്കാനാവില്ല.

'തിന്നരുതെന്ന് ഞാൻ നിന്നോട് കല്പിച്ച വൃക്ഷഫലം നീ തിന്നുവോ' (ഉല്പ:3:11) എന്ന് ആദാമിനോട് ദൈവം ചോദിച്ചതുപോലെ വിലക്കപ്പെട്ട വലകളിൽ അറിയാതെ വീണുപോകുന്നു. വസ്ത്രങ്ങളിൽ ശ്രദ്ധിക്കാനായില്ലെങ്കിൽ ശരീരം മാത്രമല്ല നമ്മുടെ ജീവിതം തന്നെ നശിച്ചുപോകും. ദൂരെ നിറുത്തേണ്ട വ്യഭിചാരത്തെയും, സിനിമാതാരങ്ങളെയും, സിനിമയെയും, ടിവിയെയും അരികെ ഇരുത്തിയാൽ നമ്മുടെ മനസ്സിനയും ശരീരത്തെയും കൈയിലെടുത്ത് തന്റെ കൈക്കുള്ളിൽ വയ്ക്കുന്നതാണ് പിശാചിന്റെ തന്ത്രം.

നഗ്നതയെകണ്ട് ആഘോഷമാക്കിയ കനാന് ശാപം കിട്ടിയെങ്കിൽ (ഉല്പ:9:22) നഗ്നനായി കിടന്ന പിതാവിന്റെ ശാപവും വലുതു തന്നെയല്ലേ. അല്പ വസ്ത്രധാരിയായ നിങ്ങളും നിങ്ങളുടെ നഗ്നത കാണുന്ന കാഴ്ചക്കാരനും ശാപം ഉണ്ടാകണമോ. പിതാവിന്റെ നഗ്നത കാണേണ്ട എന്ന് ശേമും യാഫെത്തും മുഖം മറച്ച് നടന്നതുപോലെ (ഉല്പ:9:23) നിങ്ങളുടെ നഗ്നതാപ്രദർശത്താൽ മറ്റുള്ളവർ മുഖംമറച്ച് നടക്കേണ്ട ഗതികേട് ഉണ്ടാക്കരുതേ. നിങ്ങളെ മറ്റൊരു വിധത്തിൽ ചിന്തിക്കാൻ അത് (ഉല്പ:38:14,15) ഇടവരുത്തും.

യഹോവയായ ദൈവം ആദാമിനെ വിളിച്ച് നീ എവിടെ എന്ന് ചോദിച്ചപ്പോൾ 'ഞാൻ നഗ്നനാണ്' എന്ന് പറഞ്ഞതുപോലെ (ഉല്പ:3:9,10,) നിങ്ങളുടെ വസ്ത്രത്തിന്റെ കാര്യത്തിൽ ആകരുത്. എന്തും ധരിക്കാം എങ്ങനെയും ധരിക്കാം എന്നുള്ളത് പൈശാചിക ചിന്തയുടെ വെളിപ്പാടാണ്. ഇന്ന് വിൽക്കപ്പെടുന്ന സ്ത്രീകളുടെ വസ്ത്രങ്ങളിൽ ഭൂരിഭാഗവും നടികളുടെ പേരിലാണ് വില്പനക്ക് വച്ചിരിക്കുന്നത്. വസ്ത്രങ്ങളിൽ മനോഹരത്വം കാണാം. പക്ഷേ അത് അതിരുവിട്ടാൽ നഗ്നതയിലേക്ക് വഴിനടത്തും



ശൈശവപ്രായം മുതൽ പെൺകുട്ടികൾക്ക് അല്പ വസ്ത്രം ഫാഷനാക്കിയ മാതാപിതാക്കളുണ്ട്. ഇത് അവരുടെ ആത്മീയനില ഏതവസ്ഥയിലുള്ളത് എന്ന് കാട്ടിത്തരുന്നു. വസ്ത്രം ധരിച്ചു മാന്യതയോടെ നടക്കേണ്ട നമ്മെ അല്പവസ്ത്രധാരികളാക്കി നമ്മുടെ നില ഇടിച്ച് താഴെത്താഴ്ത്തുക എന്നതത്രേ പിശാചിന്റെ തന്ത്രം.

വസ്ത്രങ്ങളുടെ അളവുകുറയുംതോറും പരിശുദ്ധിയുടെ അളവും കുറഞ്ഞുവരുന്നതാണ്.

അഹരോൻ എനിക്ക് പുരോഹിതശുശ്രൂഷ ചെയ്‌വാൻ തക്കവണ്ണം അവനെ ശുദ്ധീകരിക്കേണ്ടതിന് അവന് വസ്ത്രം ഉണ്ടാകണ്ടേതിന് ഞാൻ ജ്ഞാനാത്മാവുകൊണ്ട് നിറച്ചിരിക്കുന്ന സകല ജ്ഞാനികളോടും നീ പറയണം (പുറ:28:3) എന്ന് ദൈവം കല്പിച്ചു.

ഈ നാളുകളിൽ ദൈവാത്മാവിനാൽ നിറഞ്ഞ ഫാഷൻ ഡിസൈനേഴ്സിനേയും ടെയിലേഴ്സിനേയും കാണുന്നത് അപൂർവ്വം. അതിനാൽ നാമും നമ്മുടെ മക്കളും ജ്ഞാനാത്മാവിനാൽ നിറഞ്ഞ് ശരീരം മറച്ചുള്ള വസ്ത്രങ്ങൾ അണിഞ്ഞാൽ നമ്മെയും മറ്റുള്ളവരെയും കാക്കാം. ഒപ്പം നാം രാജകീയ പുരോഹിതവംശമെന്ന് മറ്റുള്ളവർ അറിയുകയും ചെയ്യും. ഈ കൂടാരത്തിൽ ഞരങ്ങിക്കൊണ്ട് ഞങ്ങൾ നഗ്നരായിട്ടല്ല ഉടുപ്പുള്ളവരായിരുന്നു. (2കൊരി:5:3).

അവരുടെ വിരോധികൾക്ക് മുമ്പാകെ അവർ ഹാസ്യമാക്കത്തക്കവണ്ണം അഹരോൻ അവരെ നഗ്നരാക്കിയതിനാൽ ജനം കെട്ടഴിഞ്ഞവരായി (പുറ:32:25) എന്ന് യിസ്രായേൽ ജനത്തെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ നമ്മെക്കുറിച്ചും എഴുതാൻ ഇടവരരുത്. ഡിസൈനേഴ്സിന്റേയും ടെയിലേഴ്സിന്റേയും വാക്കനുസരിച്ചല്ല ദൈവവചനമനുസരിച്ചാണ് നാം നടക്കേണ്ടത്. അപമാനത്തിന് ഓടി ഒളിക്കുവിൻ.

നമ്മെ വിവസ്ത്രരാക്കുന്നതും നമ്മുടെ കണ്ണുകളെ നഗ്നതകളെ നോക്കി നടത്തുന്നതുമാണ് ശത്രുവിന്റെ തന്ത്രം. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനില്പിൻ.

എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയൊരു തിരികല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവന് നന്ന്. (മത്താ:18:6) എന്ന വചനമനുസരിച്ച് നമ്മുടെ വസ്ത്രധാരണം

മറ്റുള്ളവർക്ക് ഇടർച്ചക്കല്ലാവാതിരിക്കാൻ നാം ഏറെ സൂക്ഷിക്കാം. നിങ്ങളുടെ അടിസ്ഥാനം പാറയായ ക്രിസ്തുവിലായതിനാൽ ലോകമോടിയനുസരിച്ച് നടക്കുന്ന പാറപ്പൊടികളെ ശ്രദ്ധിക്കേണ്ട. വഴിതെറ്റി നടക്കുന്നവർ അവരാണ് നിങ്ങളല്ല എന്ന് നിങ്ങളും ജീവിതവും ജീവിതരീതിയും തെളിയിക്കട്ടെ. വസ്ത്രധാരണത്തിൽ നാം ജ്ഞാനമുള്ളവരാകേണ്ടതിനും ദൈവത്തിന് പ്രിയരായി ജീവിക്കാനും (റോമ:12:1,2) നമുക്ക് പ്രാർത്ഥിക്കാം.



## യോഗ്യമായ വസ്ത്രം

'അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. (1തിമൊ:2:9)'

**യോഗ്യമായ വസ്ത്രത്തിന്റെ അളവുകോൽ എന്ത്?**

'തന്റെ ലജ്ജ (Naked) കാണുമാറു നഗ്നനരായി (Naked) നടക്കാതിരിപ്പാൻ തങ്ങളുടെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവർ ഭാഗ്യവാന്മാർ. (വെളി:16:5)'



## അസഭ്യ വസ്ത്രങ്ങളുടെ മാതൃക (WOMEN'S LEG-GINGS)

വീട്ടിലോ സഭാകൂടിവരവിലോ നിങ്ങളുടെ മക്കൾ, ചേച്ചി, അമ്മ, മരുമകൾ, കൊച്ചുമക്കൾ ഇങ്ങനെ ആരെങ്കിലും മുകളിൽ കാണുന്ന ചിത്രത്തിലേതുപോലെ ലെഗിംഗ്സ് വസ്ത്രങ്ങൾ ധരിക്കുന്നുണ്ടോ? ജാഗ്രത

നിങ്ങളുടെ വേണ്ടപ്പെട്ടവർ ഇങ്ങനെയുള്ള വസ്ത്രങ്ങൾ ധരിക്കുന്നുവെങ്കിൽ, ദൈവം വെറുക്കുന്ന വസ്ത്രങ്ങൾ മാറ്റി യോഗ്യമായ വസ്ത്രം ധരിക്കുവാൻ പറയുക.

ഇത് ഒരു അശ്ലീല വസ്ത്രമാണ്. 'മറ്റുള്ളവർ തങ്ങളെ ശ്രദ്ധിക്കണം. തങ്ങളുടെ ലൈംഗിക അവയവങ്ങളെ കാണണം' എന്നീ ചിന്താഗതിക്കാരാണ് ഈ വക വസ്ത്രങ്ങൾ ധരിക്കുന്നത്. റെഡിമെയ്ഡ് ഷോപ്പുകളിൽ തുണി തെരെഞ്ഞെടുക്കുമ്പോൾ ജീൻസ് പേന്റിനുമുകളിൽ ടീഷർട്ട് ധരിക്കണം. ആ ടീഷർട്ട് നല്ല നീളവും ഇറക്കവുമുള്ളതായിരിക്കണം. അതിനു പകരം നീളം കുറഞ്ഞ ടീഷർട്ട് ധരിച്ച് കുനിയേണ്ടി വന്നാൽ പുരുഷന്മാരെ ആകർഷിക്കുന്ന അവയവങ്ങൾ എല്ലാം കാണിക്കാം. ഇതിനായി അളവുകുറഞ്ഞ തുണികൾ വാങ്ങുന്നു. ഇതിന്റെ അർത്ഥം എന്ത്? മറയ്ക്കേണ്ട ഭാഗങ്ങൾ മറയില്ലാതെ കാണിക്കുക എന്ന വക്രബുദ്ധിയല്ലേ ഇത്?

ലെഗിംഗ്സ് ധരിക്കുന്ന മുതിർന്ന സ്ത്രീകൾ വരെ ലെഗിൻസിന് മുകളിൽ ധരിക്കുന്ന ചുരിദാറിന്റെ സൈഡിനെ കീഴറ്റം മുതൽ ഇടുപ്പു വരെ തുറന്നിട്ടിരിക്കുന്നു. ഇതിനാൽ ഉള്ളിലിട്ടിരിക്കുന്ന ജട്ടി റ്റി റേസിംഗ് പേപ്പറിൽ കാണുന്നതുപോലെ കാണണം എന്നതാണ് അവരുടെ ആഗ്രഹം. ഇങ്ങനെയുള്ളവരുടെ ആഗ്രഹം നിറവേറ്റാൻ ഏതറ്റം വരെയും തുറന്നിട്ടിരിക്കുന്ന വസ്ത്രങ്ങൾ വില്പനയ്ക്ക് റെഡിയണ്. നഗ്നത കാണാൻ ഇഷ്ടമില്ലാത്തവരുടെ കണ്ണുകൾ കൂടെ ആകർഷിച്ച് അടുപ്പിക്കുന്നു. ഈ വക വസ്ത്രം അണിയുന്ന സ്ത്രീകൾക്ക് ലജ്ജയോ, സുബോധമോ ദൈവഭക്തിയോ ഇല്ല. ഇങ്ങനെ വസ്ത്രം ധരിക്കുന്നവരുടെ മറുപടി അറിയാമോ? ഞങ്ങൾക്ക് ഇത് കംഫർട്ടബിൾ ആയിരിക്കുന്നു. കാണുന്നവരുടെ കണ്ണ് ശരിയല്ലാത്തതാണ് കുഴപ്പം എന്ന് തങ്ങളെ സാധൂകരിക്കുന്നു.

## ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ജീൻസ്, ലഗിൻസ് തുടങ്ങിയവയ്ക്ക് നിരോധനം



ഇറുകിയ വസ്ത്രങ്ങൾ, ലെഗിംഗ്സ് പോലെയുള്ള വസ്ത്രങ്ങൾ ധരിച്ചാൽ അത് Blood Circulation നെ ബാധിക്കും. Joint കളിൽ വിയർപ്പ് കുരുക്കൾ ഉണ്ടാകും. സ്ത്രീകൾ ജീൻസ് എന്ന പേരിൽ ഇറുക്കമുള്ള പേന്റുകൾ, ലെഗിൻസ് പോലെ ശരീരത്തോട് എറെ ചേർന്ന് കിടക്കുന്ന വസ്ത്രങ്ങൾ, കൈകാലുകൾ മറയ്ക്കാത്ത തുണികൾ എന്നിവ ധരിച്ചുകൊണ്ട് ക്ഷേത്രദർശനത്തിന് എത്തുന്നത് ദേവസ്വം ബോർഡ് നിയമത്തിലൂടെ തടഞ്ഞിരിക്കുന്നത് അറിഞ്ഞിരിക്കുമല്ലോ?. എന്നാൽ വിശുദ്ധ നയനങ്ങളുള്ള വിശുദ്ധ ദൈവത്തെ ആരാധിക്കുന്നു എന്നവകാശപ്പെടുന്ന ബിഷപ്പുമാരോ അച്ചന്മാരോ പാസ്റ്റർമാരോ സഭായോഗങ്ങൾക്ക് വരുന്ന സ്ത്രീകളെയോ അവരുടെ രക്ഷകർത്താക്കളോടോ വിവസ്ത്രധാരികളെപ്പറ്റി വായ്തുറക്കുന്നില്ലല്ലോ. എന്തുകൊണ്ട്? രക്ഷിക്കപ്പെട്ട വിശ്വാസികൾ എന്ന് തങ്ങളിൽ തന്നെ അഭിമാനിക്കുന്ന ബിഷപ്പുമാരോ അച്ചൻമാരോ തങ്ങളുടെ പെൺമക്കളെ ഈ വിഷയത്തിൽ ശാസിക്കുന്നില്ലല്ലോ?

കുഞ്ഞായിരിക്കുമ്പോൾ തന്നെ അശ്ലീലവസ്ത്രങ്ങൾ വാങ്ങിക്കൊടുക്കാതെ എന്തുകൊണ്ട് വേണ്ട എന്നു മനസിലാക്കിക്കൊടുത്താൽ വലുതാകുമ്പോഴും മാന്യതയുള്ള വസ്ത്രങ്ങൾ തന്നെ അവർ ധരിക്കും. ശൈശവപ്രായം മുതൽ ശിക്ഷണം ഇല്ലെങ്കിൽ കർത്താവു കണക്കു ചോദിക്കുന്ന നാളിൽ ഞാൻ നിങ്ങളെ അറിയുന്നില്ല; നിങ്ങൾ എന്റേതല്ല എന്ന് പറഞ്ഞാൽ എന്താകും സ്ഥിതി? ജാഗ്രത. ലെഗിൻസ് പോലുള്ള അശ്ലീലവസ്ത്രങ്ങൾ ധരിക്കുന്ന ആരും കർത്താവിന്റെ മക്കളായിരിക്കയില്ല. ഇങ്ങനെയുള്ള വസ്ത്രം ധരിക്കുന്നവരുടെ മനസ്സ് മുഴുവൻ കാമാർത്തമായിരിക്കും. ഇങ്ങനെയുള്ള സ്ത്രീകൾ റോഡിൽ പോകുന്നവരെല്ലാം തങ്ങളുടെ ശരീര അവയവങ്ങളെ നോക്കണം എന്നാഗ്രഹിക്കുന്നതായിത്തന്നെ കാണപ്പെടും.

അതുപോലെ ഇപ്പോൾ സ്ലീവ്ലസ് ജാക്കറ്റ്, കൈയ്യില്ലാത്ത ജാക്കറ്റ് തുടങ്ങിയവ ധരിക്കുന്ന വരും അടിക്കടി കൈകളെ ഉയർത്തിയും തലമുടി ശരി ചെയ്യുന്നതുപോലെ ചേഷ്ട കാണിച്ചും തങ്ങളുടെ കൈകളുടെ കക്ഷം മറ്റുള്ളവർ കാണണം എന്നതിനായി ഇതൊക്കെ ചെയ്യുന്നു.

ഇത് എത്ര നികൃഷ്ടം. വിയർപ്പ് ഗന്ധം വമിക്കുന്ന ശരീരത്തിലെ അവയവങ്ങളിൽ ഒന്നായ കക്ഷം മറ്റുള്ളവരെ കാണിക്കുന്നതിലൂടെ ഇവർക്ക് ഒരു കാമസുഖ പൂർത്തീകരണം ലഭിക്കുന്നു എന്ന് മനശാസ്ത്രജ്ഞൻ വിവരിക്കുന്നു. ദൈവമക്കൾക്ക് ഇതു ആവശ്യമോ? വയസ്സായ സ്ത്രീകൾ കൂടി ഇങ്ങനെ വസ്ത്രം ധരിച്ച് തങ്ങളും ഇല്ലാതായി തങ്ങളുടെ മക്കളെയും ഇല്ലാതാക്കുന്നു. ഭൂരിപക്ഷം സിനിമാനടികളും തങ്ങളുടെ കക്ഷം കാണിക്കുന്നതിലൂടെയാണ് ആണുങ്ങളെ ആകർഷിക്കുന്നത്. അതുതന്നെ ക്രിസ്തീയ സ്ത്രീകളും പിൻപറ്റിയാൽ ദൈവാനുഗ്രഹം നഷ്ടപ്പെടുത്താൻ ഇറങ്ങിത്തിരിച്ചു എന്നർത്ഥം.

വിഗ്രഹത്തെ വണങ്ങുന്ന വിജാതീയർക്കുപോലും അല്പവസ്ത്രത്തോടെ ക്ഷേത്രങ്ങളിൽ പ്രവേശനം ഇല്ലാതിരിക്കെ വിശുദ്ധ ദൈവത്തെ വണങ്ങുന്ന നാം ഏവർക്കും മാതൃകയായി ജീവിക്കാൻ കടമപ്പെട്ടവരല്ലേ?.മറ്റുള്ളവർ അനുസരിക്കുന്നുവോ ഇല്ലയോ പക്ഷേ കാവൽക്കാരൻ വായനക്കാരായ നിങ്ങളുടെ കുടുംബത്തിൽ, ഭവനത്തിൽ നമ്മുടെമക്കൾ, ചെറുമക്കൾ തുടങ്ങി എല്ലാവരും ഇങ്ങനെയുള്ള വസ്ത്രം ധരിക്കാതെ ശ്രദ്ധിക്കണേ.

ഇങ്ങനെയുള്ള വസ്ത്രങ്ങൾ ദൈവം വെറുക്കുന്നു. ഈ വകകാര്യങ്ങൾ എഴുതുന്നത് സ്ത്രീകളുടെ സ്വാതന്ത്ര്യത്തിൽ തലയിടുന്നതാകില്ല. സ്വാതന്ത്ര്യത്തിനും ഒരു അതിരുണ്ട്. നിയമമുണ്ട്. അത് മനസിലാക്കുക. ജാഗ്രത. “സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെ കൊണ്ടത്രേ അലങ്കരിക്കേണ്ടത്. ❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

# NEW INTERNATIONAL VERSION (NIV) എന്ന ഇംഗ്ളിഷ് ബൈബിളിലൂടെ നടക്കുന്ന വളച്ച് തിരിക്കലുകൾ

**Selected.**

"അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെ പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടികളയുന്നു. 2 പത്രോ 3 : 16"

"ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്ന് ആരെങ്കിലും വല്ലതും നീക്കികളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കികളയും. വെളി 22 : 19"

ഇന്നത്തെ തലമുറയ്ക്ക് പഠനം, ജോലി, കമ്പ്യൂട്ടർ പരിശീലനം എന്നിവയ്ക്കുള്ള സമ്പർക്ക മാധ്യമമാണ് ഇംഗ്ളീഷ്. ഇംഗ്ളീഷ് അറിയാതെ സ്വന്തം സംസ്ഥാനത്തിന് പുറത്തോ, വിദേശ രാജ്യങ്ങളിലോ പോകാനാകാത്ത സ്ഥിതിയായിക്കഴിഞ്ഞു. അതിനാൽ ഇംഗ്ളീഷ് പ്രാവീണ്യം എല്ലാവരുടെയും മോഹമായി മാറി. ഇംഗ്ളീഷ് അറിയാതെ ജീവിതക്കളരിയിൽ വിജയിക്കുന്നതും കഠിനം തന്നെ. ഇംഗ്ളീഷിലെ ലളിതമായ version എന്നറിയപ്പെടുന്ന NIV Bible യുവജനങ്ങളുടെ ഹരമാണ്. അതുമായിട്ടുമാണ് ആരാധനയ്ക്കും യോഗങ്ങൾക്കും കടന്നു വരുന്നത്.

ഇംഗ്ളീഷ് ആരാധന നടത്തുന്ന കൂടിവരവുകൾ, ബൈബിൾ ക്വിസ് നടത്തുന്ന പ്രശസ്ത സ്ഥാപനങ്ങൾ, ബൈബിൾ സ്കൂളുകൾ എന്നിവ NIV അടിസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്നു.

ഈ അന്ത്യകാലത്ത് സാത്താന്റെ വലിയ തന്ത്രമാണിത്. ക്രിസ്തീയ വിശ്വാസത്തെ തകർക്കാൻ താഴെക്കാണുന്ന തന്ത്രങ്ങളെ സാത്താൻ പയറ്റുന്നു.

**ദുരുപദേശങ്ങളെ വിപുലീകരിക്കൽ**

യഹോവാ സാക്ഷികൾ (Yehovah witness) മർമ്മോൻസ് (marmons) തുടങ്ങിയ കൽട്ടുകകളിലൂടെ (Cults) പുതിയ വേർഷൻ എന്ന പേരിൽ ആ ബൈബിളുകളിൽ – വചനങ്ങളെ **കുറയ്ക്കൽ, തിരുത്തൽ** തുടങ്ങിയ നാശകരമായ പ്രവൃത്തികളും, പരിശുദ്ധാത്മാവ് എഴുതിയ വചനത്തിന്റെ ലക്ഷ്യവും അർത്ഥവും മാറ്റുക തുടങ്ങിയ പ്രവൃത്തികളും എന്നേ ചെയ്തു കഴിഞ്ഞു. ഇതവന്റെ രഹസ്യ ചതി പ്രവൃത്തികളാണ്.

New International Version (NIV) " 40 സ്ഥലങ്ങളിൽ നിന്ന് Hell എന്ന വാക്ക് നീക്കിയിരിക്കുന്നു."

ഇങ്ങനെ അനേകരെ വിശ്വാസജീവിതത്തിൽ നിന്ന് വഴുതുവാനും, രക്ഷയ്ക്ക് കാംഷിക്കുന്നവരെ അതിലേക്ക് നയിക്കാതെ നരകത്തിലേക്ക് തള്ളിവിടുന്നതും, പാപപ്രവൃത്തികൾ ചെയ്യുവാൻ ക്രിസ്തീയ പ്രവർത്തനങ്ങളിലൂടെ ചെയ്യുന്നതാണ് അവന്റെ പ്രവൃത്തി.

അനേകം ശുശ്രൂഷകർ സാത്താന്റെ ഈ തന്ത്രം അറിയാതെ **യേശുക്രിസ്തു ദൈവം അല്ല** എന്ന് Indirect ആയി പ്രബോധിപ്പിക്കുന്ന NIV Bible നെ കൈയിൽ വച്ച് ശുശ്രൂഷിക്കുന്നു എന്നതാണ് വേദന നല്കുന്ന ഒന്ന്. NIV Bible ഉപയോഗിക്കുന്ന ഭൂരിപക്ഷം പേരുടെയും ജീവിതത്തിൽ ആന്തരിക, ബാഹ്യ വിശുദ്ധികൾ കാണുന്നില്ല. കാരണം യേശുക്രിസ്തുവിന്റെ **രക്തത്തിലൂടെയുള്ള രക്ഷ** എന്ന സത്യത്തെ NIV Bible രഹസ്യമായി കുഴിച്ചു മൂടിയതു കൊണ്ടാണ്.

1) **യേശുക്രിസ്തുവിന്റെ രക്തം** എന്ന് പൗലോസ് കൊലോസ്യർക്ക് എഴുതിയ ലേഖനം 1 : 14 " എഴുതിയിട്ടുള്ളതിനെ വിട്ടുകളഞ്ഞു."
The NIV omits CHRIST'S BLOOD in Colossians 1:14
Colossians 1:14

NIVതെറ്റായ വിവർത്തനം KJVശരിയായ വിവർത്തനം

In whom we have redemption യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ എന്ന വാക്ക് നീക്കി, The forgiveness of sins എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. Even the forgiveness of sins
Whom we have redemption **Through his blood** even the forgiveness sins;

" We all know that is by the shed blood of Christ. "Without the shedding of blood is no remission" Hebrews 9:22
"Maybe the devil wants "the blood" out of the Bible, because believers overcome the devil by "the blood of the Lamb" Revalation 12:11

2) സുവിശേഷകനായ ഫിലിപ്പോസ് എത്യോപ്യാ മന്ത്രിക്ക് ജ്ഞാനസ്നാനം നൽകിയപ്പോൾ അ.പ്ര. 8:37 ൽ മന്ത്രി ഏറ്റുപറഞ്ഞ **"യേശുക്രിസ്തു ദൈവപുത്രൻ" എന്ന് ഞാൻ വിശ്വസിക്കുന്നു**. എന്ന പ്രധാനപ്പെട്ട വാക്കുകൾ NIV മനഃപ്പൂർവ്വം വിട്ടുകളഞ്ഞിരിക്കുന്നു.

Acts 8 :37
NIVതെറ്റായ വിവർത്തനം
KJVശരിയായ വിവർത്തനം
**യേശുക്രിസ്തു ദൈവപുത്രൻ എന്ന് വിശ്വസിക്കുന്നു** എന്ന വചനം ഇല്ല

And Philip said, if thou Believest with all thine heart, thou mayest, And he answered and said, I believe that **Jesus Christ in the son of God**.

The NIV omits Acts 8:37 because the Eunuch having just been saved, and wishing to be baptized states the condition for correct Bible baptism to take place as being."I belive that Jesus Christ the son of God."

1) NIV Bible ൽ **ആറ് സ്ഥാനങ്ങളിൽ** യേശുക്രിസ്തു ദൈവമല്ല, യേശുക്രിസ്തുവിനെ ദൈവമായി ആരാധിക്കേണ്ടതില്ല എന്ന് **വചനങ്ങളെ തിരുത്തി** പ്രസിദ്ധീകരിച്ചിരിക്കുന്നു.

NIV denies Christ worship in 6 out of 12 passages

Mathew 8:2

NIVതെറ്റായ വിവർത്തനം

KJVശരിയായ വിവർത്തനം

A man with leprosy came and **knelt**. കുഷ്ഠരോഗി യേശുവിന്റെ അടുക്കൽ വന്ന് മുട്ടുകുത്തി എന്ന് മാത്രം എഴുതിയിരിക്കുന്നു. എന്നാൽ ആരാധിച്ചു, വന്ദിച്ചു, നമസ്കരിച്ചു എന്ന പദം ഇല്ല.

There came a leper and **worshipped** him

Mathew 9:18

A ruler came and knelt before him

Ther came a certain ruler **worshipped** him.

Mathew 15:25

യേശുക്രിസ്തുവിനെ **ദൈവമായി** യഹൂദന്മാർ ഇന്നും (ഇതുവരെ) അംഗീകരിക്കുന്നില്ല. **യഹൂദൻമാരോട്** ചേർന്ന് ഇങ്ങനെ **മുഖ്യവചനങ്ങളെ നീക്കി** കർത്താവിനുള്ള മഹത്വത്തെ **യഹോവസാക്ഷികൾ** മറയ്ക്കാൻ ശ്രമിക്കുന്നു.

എവിടെയെല്ലാം യേശുക്രിസ്തു ദൈവമായി ആരാധിക്കപ്പെടുന്നു വന്ദിക്കപ്പെടുന്നു എന്ന് നോക്കി ആ വചനങ്ങളെയെല്ലാം നീക്കിക്കളഞ്ഞു.

| NIVതെറ്റായ വിവർത്തനം | KJVശരിയായ വിവർത്തനം |
|---|---|
| Mathew 8:2 | |
| Servant fell on his knees before (OMIT) him | The servant fell down and worshipping him. |
| Mathew 20:20 | |
| Mother of Zebedee's sons kneeling down | The mother of Zebedee's worshipping children him. |
| Mark 5:6 | |
| He ran and fell on his knees | He ran and **worshipped** him |

Jesus Christ is God, because he is worshipped; യേശുക്രിസ്തു ത്രിയേക ദൈവത്തിൽ ഒരുവൻ. അതിനാൽ അവിടുന്ന് ആരാധിക്കപ്പെടുന്നു. ഇവർ ഇതിനെ മറയ്ക്കുന്നു.

"thou shalt **worship** the Lord thy God and him only shalt thou serve." Matt 4:10

"Let all the angels of God worship him " Heb 1:6

12 times in the new testament Jesus is worshipped (Greek: proskuneo 4352) yet the NIV and NASV change worship 4352 (KJV) to (NASV) kneel (NIV) of bow down.

1) NIV ൽ **ഉപവാസത്തെയും, പ്രാർത്ഥനയെയും** പല സ്ഥലങ്ങളിലും വിട്ടുകളഞ്ഞു. മത്തായി 17:21 ാം വചനം NIV Bible ൽ ഇല്ല.

| NIV തെറ്റായ വിവർത്തനം | KJV ശരിയായ വിവർത്തനം |
|---|---|
| | Mat 17:21 |
| ഉപവാസത്തെക്കുറിച്ച് കർത്താവ് പഠിപ്പിച്ചതു ഇല്ല. | |
| This kind goeth not out but by prayer and fasting. | |
| | Mark 9:29 |
| This kind can came out only by prayer. | ഇവിടെ ഉപവാസം എന്നതിനെ ചേർത്തിട്ടില്ല. |
| This kind can come forth by nothing but by prayer **and fasting.** | |

യേശുക്രിസ്തുവിനെ നിസ്സാരനാക്കി 17 സ്ഥലങ്ങളിൽ വചനങ്ങളെ വളച്ച് തിരിച്ചിരിക്കുന്നു. ലൂക്കോസ് 8:12 ൽ 'പിശാച്' എന്ന പദം എടുത്തുകളഞ്ഞു.

NIV Bible Publish ചെയ്യുന്ന Zondervan Publishers ന്റെ സ്ഥാപകനായ Harper Collins എഴുതി പ്രസിദ്ധീകരിച്ച രണ്ടു പുസ്തകങ്ങളെ കാണുമ്പോൾ അദ്ദേഹം പിശാചിന്റെ വിടുപണിക്കാരനെന്ന് നിസ്സംശയം പറയാം. അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ച
പുസ്തകങ്ങൾ :

# 1. The Joy of Homosex
# 2. The Satanic Bible

ഇതിലൂടെ NIV Bible പിശാചിന്റെ പ്രത്യേക പദ്ധതി എന്ന് മനസ്സിലാക്കാം. നിങ്ങൾ NIV Bible ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണെങ്കിൽ സത്യവചനം യഥാവിധം മൊഴിമാറ്റം ചെയ്ത KJV( King James Version) ഉപയോഗിച്ച് തുടങ്ങുക. നിങ്ങൾ മാത്രമല്ല നിങ്ങളുടെ മക്കളും, സുഹൃത്തുക്കളും, ബന്ധുക്കളും KJV ലേക്ക് മാറട്ടെ. യേശുക്രിസ്തു നമ്മെ രക്ഷിച്ചു, സ്നേഹിച്ചു. എത്രയോ കഷ്ടങ്ങൾ വന്നപ്പോഴും കൈവിടാത്ത കൃപയുള്ള ദൈവം. ഈ കർത്താവിന്റെ പേരിനെ 35 സ്ഥലങ്ങളിൽ നീക്കിയ NIV Bible നിങ്ങൾക്ക് വേണ്ട. NIV അംഗീകരിച്ച ശുശ്രൂഷാസ്ഥാപനങ്ങളെയും ഇക്കാര്യം അറിയിക്കുക.

കുറിപ്പ്: 1. ഇപ്പോഴുള്ള സ്ഥിതിയിൽ യഥാർത്ഥ അർത്ഥം നല്കാത്ത വാക്കുകൾ അടങ്ങിയ NIV Bible ആണ് എല്ലാവരുടെയും കൈയ്യിൽ ഉള്ളത്. നമ്മുടെ പുതിയ തലമുറ മനസ്സിലാക്കാൻ വേണ്ടിയാണ് KJV Bible (King James Version)Simplify ചെയ്ത് English ലളിതമാക്കി പല ബൈബിളുകൾ പ്രിന്റ് ചെയ്ത് വന്നിട്ടുണ്ട്. അതുകൊണ്ട് യഥാർത്ഥ അർത്ഥം മാറാത്ത നല്ല ഇംഗ്ളീഷ് ബൈബിൾ ചിലതുണ്ട്. അതിനെ കുറിച്ച് പിന്നെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

2. ഈ ലേഖനം വായിച്ച വായനക്കാരായ നിങ്ങൾക്ക് യഥാർത്ഥ അർത്ഥം മാറാത്ത നല്ല ബൈബിൾ അറിയാമെങ്കിൽ ദയവായി എനിക്കെഴുതണം. അതു വായനക്കാർക്കും, പ്രസംഗകർക്കും മറ്റു ദൈവവേലക്കാർക്കും വളരെ പ്രയോജനമായിരിക്കും

3. ദൈവം അനുവദിക്കുന്ന പക്ഷം NIV മറ്റ് തെറ്റായ ബൈബിളുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നെ എഴുതാം.

## 2015 – 2016 –ാം വർഷം ലഭിച്ച കൂട്ടായ്മാ വിവരങ്ങൾ

**2015 – 2016 ാം വർഷം കാവൽക്കാരൻ വായനക്കാരായ നിങ്ങൾ നൽകിയ കൂട്ടായ്മാ വിവരം ചുവടെ ചേർക്കുന്നു. ഇതോടൊപ്പം Bank A/C details ഉം നിങ്ങൾക്ക് പ്രയോജനപ്പെടും.**

1

**STATE BANK OF INDIA(SALEM-1970)**
**A/C No: 10764116842**
SWIFT CODE - SBININBB637- 10764116842
IFSC CODE - IFSC SBIN0001970 -10764116842

| | | | | | |
|---|---|---|---|---|---|
| | | | | 2500.00 | 23630.59Cr |
| 6.03.16 | Transfer through GCC TRANSFER FROM Mr. HARIKRISHNA P V | | | | |
| 7.03.16 | PAID TO MR SIDDESWARAN | 000116115 | 15000.00 | | 8630.59Cr |
| 18.03.16 | BY DD TRF | 000359456 | | 4000.00 | 12630.59Cr |
| 18.03.16 | BY CHQ TRF 4 CHQS | 538976288 | | 10500.00 | 23130.59Cr |
| 22.03.16 | CASH DEPOSIT SELF | | | 1000.00 | 24130.59Cr |
| 22.03.16 | INTER BRCH FEE | | 57.00 | | 24073.59Cr |

2

**CANARA BANK - SALEM**
**(SURAMANGALAM BRANCH)**
**A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.

| | | | | | | |
|---|---|---|---|---|---|---|
| 07 | | rom CHRISTOPHER | | | | |
| 08 | | MONI D | | | | |
| 09 | 28/03/2016 | Consolidated DD/ | 653346 | 25440.00 | | 122753.25 |
| 10 | | PO - Issue/Liqui | | | | |
| 11 | | dation | | | | |
| 12 | 28/03/2016 | SC charge:Multip | 653346 | 110.00 | | 122643.25 |
| 13 | | le DD Issue(One | | | | |
| 14 | | Acct) | | | | |

3

**STATE BANK OF TRAVANGORE**
**(SALEM BRANCH CODE - 70328)**
**A/C No: 57041760879.**
SWIFT CODE - SBTR0000328- 57041760879
IFSC CODE SBTR0000328, RBCMS BXX - 57041760879.

| DATE | PARTICULARS | CHEQUE NO. | DEBIT | CREDIT | BALANCE |
|---|---|---|---|---|---|
| | | | | Brought Forward | 22593.93Cr |
| | | | | 7000.00 | 29593.93Cr |
| 06.03.16 | INB 13783645 TRANSFER FROM CITY EXCHANGE - MONEY | | | | |
| 28.03.16 | CASH WITHDRAWAL BY CHEQUE | 42285 | 15000.00 | | 14593.93Cr |
| [illegible] | | | | | |

4

**SYNDICATE BANK** (SALEM SURAMANGALAM BRANCH)
**A/C.No: 2200009312.**
SWIFT CODE - SYNBINBB027 6293-2200009312.
IFSC CODE - SYNB0006293-2200009312.

| | | | | | |
|---|---|---|---|---|---|
| | | 0 | | 1,500.00 | 6,009.29 |
| 15/03/2016 | NEFT IDIBH16075313306 Mr. K PONPANDI INBARASU | | | 5,000.00 | 11,009.29 |
| 24/03/2016 | CASH DEPOSIT | | | | |
| 28/03/2016 | SELF | 177685 | 10,000.00 | | 1,009.29 |

5

INDIAN OVERSEAS BANK
SALEM MAIN
A/C NO 008001000024114.
IFSC : IOBA0000080

| | | | | | |
|---|---|---|---|---|---|
| 19-03-2016 | RADHA | | 3000.00 | 16359.30 Cr |
| 22-03-2016 | SB 2973 | | 50000.00 | 66359.30 Cr |
| 28-03-2016 | 230427SELF | 50000.00 | | 16359.30 Cr |

2016 മാർച്ച് ലക്കം കാവൽകാരൻ 28-03-2016 ന് മാത്രമേ പ്രസ്സിലേക്ക് അയക്കാനായുള്ളു. 2016 മാർച്ച് 28ാം തിയതി വരെയുള്ള 5 ബാങ്കുകളിലെയും നീക്കിയിരിപ്പ് വിവരം.

| | |
|---|---|
| 1). | Rs.24,073.59 |
| 2). | Rs.22,643.25 |
| 3). | Rs.  4,593.93 |
| 4). | Rs.  1,009.29 |
| 5). | Rs.16,359.30 |

1,68,679.36 ഇതത്രേ ബാക്കിയുള്ള തുക.

ഓരോ വർഷവും വായനക്കാരായ നിങ്ങൾ **Online, EMO, DD, Cheque** എന്നിവയിലൂടെ നൽകുന്ന കൂട്ടായ്മകൾക്കു നന്ദി. ഓരോമാസവും രണ്ട് ഭാഷകളിലായി കാവൽക്കാരൻ പ്രസിദ്ധീകരിക്കാനാവശ്യമായ തുക നിങ്ങൾ നല്കുന്നതോർത്ത് കാവൽക്കാരന്റെ പേരിലും എന്റെ പേരിലുമുള്ള നന്ദി അറിയിക്കുന്നു.

❖❖❖❖❖❖❖❖❖❖

# KANYAKUMARI CSI DIOCESE – POOVANCODE – CHURCH CONVENTION



പൂവൻകോട് CSI സഭാദിനാഘോഷ സ്തോത്രയോഗങ്ങൾ നല്ല നിലയിൽ നടന്നു. മുൻബിഷപ്പ് Rt. Rev. ദേവകടാക്ഷം അവർകൾ ഞായറാഴ്ച്ച യോഗത്തിൽ പങ്കെടുത്ത് കർതൃമേശാചരണത്തിന് നേതൃത്വം നൽകി.

3 ദിവസം നടന്ന യോഗങ്ങളിൽ ഞാൻ ദൈവദൂത് നൽകി. 4-ാം പ്രാവശ്യവും ഈ സഭയുടെ യോഗങ്ങളിൽ സംബന്ധിക്കാൻ കഴിഞ്ഞതിൽ സന്തോഷം. Rev. S. റിങ്കിൾ ജയകുമാർ (District Chairman), Mr. D.സമീലൻ (Asst. Pastor), സെക്രട്ടറിയും കാരക്കോണം Medical College senior Proffessor റുമായ Dr.Blessed Singh. M.D എന്നിവർ യോഗങ്ങളെ നന്നായി ക്രമീകരിച്ചു. കർത്തൃനാമം മഹത്വപ്പെട്ടു.

# MUMBAI - BOROVALI - METHODIST CHURCH – CONVENTION





**Mumbai Borovali Methodist Church** ലെ യോഗങ്ങൾ ആ സഭയിലെ ശുശ്രൂഷകൻ **Rev.** പുഷ്പരാജ് അവർകളുടെ അതീവ താല്പര്യ പ്രകാരം ആശീർവാദമായി നടന്നു. അധികനേരം സംസാരിക്കാൻ ആ സഭക്കാർ ആവശ്യപ്പെട്ടത് അവരുടെ ആത്മീയ താല്പര്യത്തെ വെളിപ്പെടുത്തി. ഇവിടെയും ദൈവനാമം മഹത്വപ്പെട്ടു.

# CSI CHENNAI NEW BISHOP

## വന്ദനം ചെയ്യുന്നു - സ്വാഗതം അർപ്പിക്കുന്നു



**CSI** ചെന്നൈ ഡയോസിസിന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബിഷപ്പ് **Rt. Rev. Jayaraj George Stephen MA. BD** അവർകൾക്ക് വന്ദനം, ഒപ്പം സ്വാഗതവും.

കർത്താവ് ചെന്നൈ **Diocese** ജനങ്ങളെ അനുഗ്രഹിക്കട്ടെ. ചെന്നൈ **CSI Diocese** ജനങ്ങളെ ആത്മീയ പാതയിലും, വചനത്തിലും വളർത്താൻ പുതിയ ബിഷപ്പിന് ദൈവം ജ്ഞാനം നല്കട്ടെ. കാവൽകാരൻ വായനക്കാരായ നിങ്ങളുടെ പേരിലും എന്റെ പേരിലുമുള്ള വന്ദനം ബിഷപ്പ് അവർകൾക്ക് അർപ്പിക്കുന്നു.

# KARNATAKA CSI DIOCESE - CSI CHURCH - HOSUR



**FMPB യുടെ SCAN യോഗങ്ങൾ ഒീഔ്യ എങജആ യുടെ ചുമതലപ്പെട്ടവരാൽ അത്യുത്സാഹത്തോടെ ക്രമീകരിച്ചിരിക്കുന്നു. Rev. Koilraj എന്നെ ഏറെ നിർബന്ധിച്ച് ഈ യോഗങ്ങളുടെ Dateകൾ വാങ്ങി. FMPB യുടെ B region ൽപ്പെട്ട എല്ലാ ശുശ്രൂഷകരും യോഗങ്ങളിൽ സംബന്ധിച്ചു. ആദ്യ ദിവസം സ്വദേശ മിഷനറിമാർക്കുള്ള യോഗമായിരുന്നു. അന്നേ ദിവസം സ്നേഹസദ്യയും ഉണ്ടായിരുന്നു. ഒരോദിവസവും വൈകുന്നേരം നടന്ന യോഗങ്ങളിൽ പ്രസംഗിച്ചു. അവർക്കാവശ്യമായ ദൈവദൂത് അവർക്ക് ലഭിച്ചു. ദൈവനാമം മഹത്വപ്പെട്ടു.**

**FMPBയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ധനസഹായങ്ങളും ലഭിച്ചു. ഈ യോഗാനന്തരം നടന്ന SCAN കൂടിവരവിലൂടെ 50 പുതിയ അംഗങ്ങളും, 5 പുതിയ പ്രാർത്ഥനാ ഗ്രൂപ്പുകളും, 1 SCAN പ്രാർത്ഥനാ ഗ്രൂപ്പ് എന്നിവ ഉളവായി. ഓരോ മാസവും 7,000 മുതൽ 10,000 വരെ കൂടുതൽ കൂട്ടായ്മയ്ക്ക് വാഗ്ദാനങ്ങളും Hosur FMPB SCAN യോഗങ്ങളിലൂടെ ലഭിച്ചു. കർത്താവിന് മഹത്വമുണ്ടാകട്ടെ.**

## ജാമക്കാരൻ

ജാമക്കാരൻ മാസിക ആവശ്യമുള്ളവർ നിങ്ങളുടെ പൂർണ്ണമായ മേൽവിലാസം (ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ) ഫോൺ നമ്പരും കത്തുമുഖാന്തിരമോ, ഇ–മെയിൽ മുഖാന്തിരമോ അറിയിക്കാം. 1969 മുതൽ **വരിസംഖ്യ** സൂചിപ്പിക്കാതെയും **വരിസംഖ്യ** അയയ്ക്കണം എന്നു ആവശ്യപ്പെടാതെയും വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്നതാണു ജാമക്കാരൻ മറ്റു മാസികകളിൽ നിന്നുള്ള വ്യത്യാസം. എന്നാൽ തപാൽവകുപ്പിന്റെ നിർബന്ധത്തിനു വഴങ്ങി മാസികയ്ക്കു വരിസംഖ്യ നിർബന്ധമായും കാണിച്ചിരിക്കണം എന്നതിനാലാണു കവർ നാലാം പേജിൽ വരിസംഖ്യ കാണിച്ചിരിക്കുന്നത്. ഈ മാസികയ്ക്കു വരിസംഖ്യ ഇല്ല.

ഓരോ മാസവും 15–ാം തീയതി (ഒരു മാസം തമിഴ് അടുത്ത മാസം മലയാളം) എന്ന രീതിയിൽ ജാമക്കാരൻ മാസിക തപാലാഫീസിൽ ഞങ്ങൾ എത്തിക്കുന്നു. 25–ാം തീയതിക്കുമുമ്പായി ജാമക്കാരൻ മാസിക നിങ്ങൾക്കു ലഭിച്ചില്ലെങ്കിൽ തപാൽ വഴിയായോ അല്ലെങ്കിൽ ഫോൺ വഴിയായോ നിങ്ങളുടെ പൂർണ്ണമേൽവിലാസവും പേരിനു മുകളിലായി കൊടുത്തിട്ടുള്ള നമ്പരും ചേർത്തു അറിയിച്ചാൽ ജാമക്കാരൻ മാസിക അയച്ചു തരുന്നതാണ്.

# St.John Methodist Convention






**മുംബൈയിലെ Bhyandar എന്നസ്ഥലത്തുള്ള Methodist Church convention വളരെ അനുഗ്രഹമായി നടന്നു. Rev. B. Prem Felix Raj അവർകൾ തങ്ങളുടെ സഭാകൺവെൻഷന് തീർച്ചയായും വരണം എന്ന് വളരെ നിർബന്ധിച്ച് വിളിച്ച് Dateകൾ വാങ്ങി. ആ ദിവസം മുതൽ പ്രാർത്ഥനയോടെ ഒരുക്കങ്ങൾ തുടങ്ങി.**

**പ്രാർത്ഥനയുടെ ഫലമായി ജനങ്ങൾ ഏറെ അനുഗ്രഹിക്കപ്പെട്ടു. ദൈവത്തിന് മഹത്ത്വം.**

## വായനക്കാരുടെ ശ്രദ്ധയ്ക്കു – അറിയിപ്പ് മണിയോടർ (EMO)

EMO വഴി ആയി മണിയോടർ അയിച്ചവർ പണം അയിച്ചിട്ടും മാസിക എന്തുകൊണ്ട് അയിച്ചില്ല എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപ്പോഴുള്ള EMO മണിയോടറിൽ, ഏതു കാര്യത്തിനുവേണ്ടി പണം അയച്ചു എന്നു വിവരം എഴുതാൻ സാധിക്കുന്നില്ല. അതുകൊണ്ട് മണിയോടർ വഴിയായോ, ഓൺലൈൻ മൂലം ബാങ്കു വഴിയായോ പണം അയക്കുന്നവർ.

നിങ്ങളുടെ മേൽ വിലാസത്തിനോടൊപ്പം ഏതു കാര്യത്തിനുവേണ്ടി അയച്ചു എന്നു കത്തെഴുതി അറിയിച്ചാൽ വളരെ ഉപഹാരമായിരിക്കും. എന്റെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവരുടെ പേരും, സ്ഥലവും പോലും സൂചിപ്പിക്കുന്നില്ല. അതുകൊണ്ടു പണം അയച്ചയുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച്ച വിവരം, കാരണം, തുക, ബാങ്കിന്റെ പേര്, നിങ്ങളുടെ വിലാശം, ഏതു തിയതി എന്നല്ലാം എഴുതി അറിയിച്ചാൽ രസീത് അയിക്കാൻ സൗകര്യം ആയിരിക്കും.

അതു മാത്രമല്ല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയച്ചു, എന്തിനു വേണ്ടി അയച്ചു എന്ന വിവരങ്ങൾ അറിയിക്കാൻ വളരെ ഉപയോഗമായിരിക്കും. ഈ വിഷയത്തിൽ നിങ്ങൾ എനിക്ക് സഹകരിക്കണം. ഈ ദൈവ വേലയിൽ പങ്കുചേരുന്ന നിങ്ങൾ ഏവരെയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

## ആദ്യ മിഷനറി ബിഷപ്പ്

**FMPB** പ്രാർത്ഥനാ പ്രസ്ഥാനം പ്രവർത്തിച്ച അനേകം മിഷൻഫീൽഡുകളിൽ ഒന്നാണ് "മാൽത്തോ" വർഗക്കാരുടെ ഭൂമി. ഇവിടെ കഴിഞ്ഞ 50 വർഷമായി **FMPB** മിഷനറികൾ പ്രവർത്തിച്ചുവരുന്നു. ഇവിടുത്തെ സഭകൾ പെരുകി. സഭകളുടെ മേൽനോട്ടത്തിനായി മാൽത്തോ വർഗത്തിൽ നിന്നുതന്നെ ഒരു ബിഷപ്പ് വന്നിരിക്കുന്നു എന്നുള്ളത് ഇന്ത്യൻ സഭാചതിത്രത്തിൽ രേഖപ്പെടുത്തേണ്ട ഒന്നത്രേ. ആദിവാസികളുടെ ഇടയിൽ യേശുക്രിസ്തുവിനെ ദൈവമായി സ്വീകരിച്ച്, അതിലൂടെ സഭയുണ്ടായി. ആ സഭയിൽ അംഗമായി, ആ അംഗം ഒരു ശുശ്രൂഷകനായി, ആ സ്വദേശ (സ്വാർത്തിക്) ശുശ്രൂഷകൻ ഇന്ന് ഒരു ബിഷപ്പായി മാറിയിരിക്കുന്നു. ആ ബിഷപ്പാണ് **Rt. Rev.** പത്രസ്.

മാൽത്തോ സഭകൾ ഒന്നുചേർന്ന് മാൽത്തോ ഡയോസിസായി രൂപീകൃതമായി. ഈ ചരിത്ര സംഭവം **FMPB** യ്ക്കും, **FMPB** നേതൃത്വത്തിനും, **FMPB** മിഷനറികൾക്കും ആകെ അഭിമാന നിമിഷമാണ്. **FMPB** യുടെ പ്രവർത്തനഫലമായി ലഭിച്ച **Bishop** പത്രോസിനെ കാവൽക്കാരന്റെ പേരിൽ വന്ദനം ചെയ്യുന്നു, സ്വാഗതം ചെയ്യുന്നു. അവിടെ പ്രവർത്തിച്ച എല്ലാ **FMPB** മിഷനറികളെയും അഭിനന്ദിക്കുന്നു. അവരുടെ മുമ്പിൽ തലവണങ്ങുന്നു. മിഷനറിമാരിലൂടെ സ്വർഗം സന്തോഷിക്കും.



**MARCH 2016**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.